©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**

**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 നവംബർ 10<br>10th November 2020<br>1196 തുലാം 25<br>25th Thulam 1196<br>1942 കാർത്തികം 19<br>19th Karthika 1942 | നമ്പർ<br>No. | 44 |

## PART IV

# Private Advertisements and Miscellaneous Notifications

## മ്യൂസിയം മൃഗശാല വകുപ്പ്

ദർഘാസ് പരസ്യം

(1)

നമ്പർ എം.ഇസഡ് (എഫ്)-3825/2020. 2020 ഒക്ടോബർ 13.

തിരുവനന്തപുരം മ്യൂസിയം മൃഗശാല വകുപ്പിലെ അപ്പർ ഗാർഡൻ പരിസരം, മൃഗശാല ഓഫീസ്, മൃഗശാല ടിക്കറ്റ് കൗണ്ടർ എന്നിവിടങ്ങളിൽ ദിനംപ്രതി ഉണ്ടാകുന്ന മാലിന്യം ശേഖരിച്ച് പുറത്തേയ്ക്ക് കൊണ്ട് പോകുന്നതിന് താൽപ്പര്യമുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും സീല് വച്ച ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസിനോട് കൂടി ആകെ ക്വാട്ട് ചെയ്യുന്ന തുകയുടെ 2.5% നിരതദ്രവ്യമായി ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി നൽകേണ്ടതാണ്. ദർഘാസ് ഫോറത്തിന്റെ വില ₹ 800-ം നികുതിയുമാണ്. ഡ്യൂപ്ലിക്കേറ്റിന് ₹ 400-ം നികുതിയും അധികമായി ഒടുക്കേണ്ടതാണ്. സ്ഥാപനത്തിന്റെ/വ്യക്തിയുടെ പേര്, അഡ്രസ്സ് എന്നിവ വ്യക്തമായി എഴുതിയ ദർഘാസുകൾ ഡയറക്ടർ, മ്യൂസിയം മൃഗശാല വകുപ്പ്, തിരുവനന്തപുരം എന്ന അഡ്രസ്സിൽ സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ ദർഘാസ് ഫോമിൽ നൽകേണ്ടതാണ്. മതിയായ ഇ. എം. ഡി. യോ ദർഘാസ് ഫോമിൽ അല്ലാത്ത ദർഘാസുകളോ നിരസിക്കുന്നതാണ്. വകുപ്പിലെ സ്വീപ്പർമാർ നിർദ്ദിഷ്ട സ്ഥലങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന വേസ്റ്റുകൾ സെക്ഷൻ മേധാവികൾ പ്രത്യേകമായി ചൂണ്ടിക്കാണിക്കുകയോ, നിർദ്ദേശിക്കുന്നതോ ആയ ഖര/ജൈവ മാലിന്യങ്ങൾ ദിനംപ്രതി നിർദ്ദേശാനുസരണം നീക്കം ചെയ്യേണ്ടതാണ്. മാലിന്യങ്ങൾ ഓരോ ദിവസവും നീക്കം ചെയ്ത് കഴിയുമ്പോൾ അതാത് സ്ഥലത്ത് ജോലിയുള്ള ജിവനക്കാരെയും, സെക്ഷൻ മേധാവികളെയും വ്യത്തിയാക്കിയത് ബോധ്യപ്പെടുത്തേണ്ടതും, മേലധികാരിയുടെയും, സൂപ്പർവൈസറി ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. ദിനംപ്രതി മാലിന്യങ്ങൾ പുറത്ത് കൊണ്ട് പോയി നിക്ഷേപിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ടെൻഡർ ഉറപ്പിച്ച് ഏറ്റെടുക്കുന്നവർക്കായിരിക്കും. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള കാലാവധി 1-12-2020 മുതൽ 30-11-2021 വരെയാണ്. എന്നാൽ 30-11-2021 ന് മുൻപായി കരാറുകാരന്റെ സേവനം വകുപ്പിന് ആവശ്യമില്ലാത്തപക്ഷം കരാർ അവസാനിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. ദർഘാസിനോടൊപ്പം എഗ്രിമെന്റ് സമർപ്പിക്കേണ്ടതാണ്. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന സ്ഥാപനത്തിന്/വ്യക്തിയ്ക്ക് ദർഘാസ് ഉറപ്പിച്ച് നൽകുന്നതും ഉത്തരവ് ലഭിക്കുന്ന വ്യക്തി വകുപ്പ് നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ അംഗീകരിച്ച് ₹ 500 മുദ്രപത്രത്തിൽ എഗ്രിമെന്റ് സമർപ്പിക്കേണ്ടതാണ്. ദർഘാസ് ഫോമുകൾ 25-11-2020 മുതൽ 28-11-2020 വരെ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി 30-11-2020-ന് വൈകുന്നേരം 1 മണി വരെയാണ്. ദർഘാസുകൾ സമർപ്പിച്ചവരുടെയോ, അവർ ചുമതലപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം 3.30-ന് ദർഘാസുകൾ തുറക്കുന്നതാണ്. ദർഘാസിനെ സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിന് ബാധകമായിരിക്കുന്നതാണ്. ദർഘാസിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ മ്യൂസിയം മൃഗശാല ഡയറക്ടറുടെ ഓഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ അറിയാവുന്നതാണ്. ദർഘാസ് അംഗീകരിച്ച് കിട്ടുന്ന വ്യക്തി മൊത്തം തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി സമർപ്പിക്കേണ്ടതാണ്.

അടങ്കൽ തുക—₹ 4,00,000.

ഫോൺ : 0471 2316275.

(2)

നമ്പർ എം.ഇസഡ് (ഡി)-3855/2020. 2020 ഒക്ടോബർ 17.

മ്യൂസിയം മൃഗശാല വകുപ്പിന്റെ തിരുവനന്തപുരം ഡയറക്ട്രേറ്റിനോട് അനുബന്ധിച്ച് ജീവനക്കാർക്കും സന്ദർശകർക്കും ഭക്ഷണ സാധനങ്ങൾ നൽകുന്ന ഒരു ക്യാന്റീൻ 1-1-2021 മുതൽ ഒരു വർഷക്കാലം കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിന് സാമ്പത്തികശേഷിയും മുൻപരിചയവുമുള്ള വ്യക്തികളിൽ നിന്നും ദർഘാസുകൾ ക്ഷണിച്ച്കൊള്ളുന്നു.

ജീവനക്കാർക്കും സന്ദർശകർക്കും വെവ്വേറെ നിരക്കുകളിലാണ് ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യേണ്ടത്. ഓരോ ഇനം ഭക്ഷണസാധനത്തിനും ജീവനക്കാർക്ക് നൽകുന്ന വില പ്രത്യേകം കാണിക്കേണ്ടതാണ്. ദർഘാസിൽ വില രേഖപ്പെടുത്താത്ത ഇനങ്ങൾ വിൽക്കുന്നതിന് മ്യൂസിയം

മൃഗശാല വകുപ്പ് ഡയറക്ടറിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്. ദർഘാസുകൾ നിശ്ചിത ഫോറത്തിലാണ് സമർപ്പിക്കേണ്ടത്. ദർഘാസ് ഫോറത്തിന്റെ വില ₹ 500-ം ഡ്യൂപ്ലിക്കേറ്റിന് ₹ 250-ം ഒടുക്കേണ്ടതാണ്. ടെൻഡർ ഫോമുകൾ 16-11-2020 മുതൽ 19-11-2020 വരെ ഈ ഓഫീസിൽ നിന്നും പ്രവർത്തി സമയത്ത് ലഭിക്കുന്നതാണ്. ദർഘാസുകൾ മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ട്രേറ്റിൽ ലഭിക്കേണ്ട അവസാന തീയതി 20-11-2020-ന് വൈകുന്നേരം 2 മണി വരെയാണ്. വൈകിക്കിട്ടുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസിനോടൊപ്പം മുൻപരിചയ സർട്ടിഫിക്കറ്റും, ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്. അന്നേ ദിവസം 3 മണിയ്ക്ക് അപ്പോൾ ഹാജരായിട്ടുള്ള കരാറുകാരുടെയോ, അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതാണ്. ഓരോ ദർഘാസിനൊപ്പവും ₹ 5,000-ന്റെ നിരതദ്രവ്യം ഡയറക്ടറുടെ പേരിൽ ഡി. ഡി. ആയി അടയ്ക്കേണ്ടതാണ്. കൂടാതെ ₹ 1,00,000-ന്റെ സോൾവൻസി സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. കരാർ ഉറപ്പിച്ച് കിട്ടുന്ന കരാറുകാരൻ നിശ്ചിത ദിവസം തന്നെ ക്യാന്റീൻ ആരംഭിക്കേണ്ടതും അതിന് മുൻപായി ₹ 75,000 സെക്യൂരിറ്റി ഡെപ്പോസിറ്റ് വയ്ക്കേണ്ടതും കൂടാതെ ₹ 200 മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്. ക്യാന്റീൻ നടത്തുന്ന കെട്ടിടത്തിന് പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വാടക മുൻകൂറായി കരാറുകാരൻ അടയ്ക്കേണ്ടതും വൈദ്യൂതി ചാർജ്ജ്, വെള്ളക്കരം തുടങ്ങിയവ കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്. ദർഘാസുകൾ കാരണം കൂടാതെ നിരസിക്കുന്നതിനോ, മാറ്റി വയ്ക്കുന്നതിനോ, ഉള്ള അധികാരം വകുപ്പ് ഡയക്ടറിൽ നിക്ഷിപ്തമായിരിക്കും.

നിരക്ക് രേഖപ്പെടുത്തേണ്ട ഭക്ഷണ സാധനങ്ങളുടെ വിവരങ്ങളും, അളവും, മറ്റ് നിബന്ധനകളും തിരുവനന്തപുരം മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്. ഗ്രീൻ പ്രോട്ടോക്കാൾ അനുസരിച്ച് പ്ലാസ്റ്റിക്ക് പോളിത്തീൻ കവറുകളിൽ പാക്ക് ചെയ്ത ഭക്ഷണ സാധനങ്ങൾ യാതൊരു കാരണവശാലും ക്യാന്റീനിൽ വിൽക്കുവാൻ അനുവദിക്കുന്നതല്ല. കൂടാതെ സർക്കാർ ദർഘാസുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിന് ബാധകമായിരിക്കുന്നതാണ്. ക്യാന്റീനിൽ വിതരണം ചെയ്യേണ്ട ഭക്ഷണ സാധനങ്ങളുടെ ലിസ്റ്റ് ഓഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്.

അടങ്കൽ തുക—₹ 4,00,000.

ഫോൺ: 0471 2316275.

മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. (ഒപ്പ്) ഡയറക്ടർ.

---

## കേരള സ്റ്റേറ്റ് വഖഫ് ബോർഡ്

### വിജ്ഞാപനം

നമ്പർ A3-9065/CR. 2020 ഒക്ടോബർ 8.

കേരള സ്റ്റേറ്റ് വഖഫ് ബോർഡിൽ 9065/RA നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ തെങ്ങുംവിള മുസ്ലീം ജമാഅത്തിന് വേണ്ടി ടി താലൂക്കിലെ ശൂരനാട് തെക്ക് വില്ലേജിൽ റീസർവ്വെ നമ്പർ 85/7-3-ൽ പെട്ട 4 സെന്റ് വസ്തു അതേ വില്ലേജിൽ തൃക്കുന്നപ്പുഴ വടക്ക് മീരാൻ ഭവനത്തിൽ നാഗൂർ മീരാൻ റാവുത്തർ മകൻ മജീദ് റാവുത്തർ എന്നയാളിൽ നിന്നും ₹ 1,00,000 (ഒരു ലക്ഷം രൂപ) മേൽ വഖഫിനുവേണ്ടി വാങ്ങുന്നതിന് ബോർഡിന്റെ അനുമതി ആവശ്യപ്പെട്ട് തെങ്ങുംവിള മുസ്ലീം ജമാഅത്ത് സെക്രട്ടറി ശ്രീ. കെ. അസീസ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വസ്തു തെങ്ങുംവിള മുസ്ലീം ജമാഅത്തിന് വേണ്ടി വാങ്ങുന്നതിന് അനുവദിക്കുന്ന കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപങ്ങളോ അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ ആയത് ഈ വിജ്ഞാപനം സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം ഡിവിഷണൽ വഖഫ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, ഡിവിഷണൽ ഓഫീസ്, ആർട്ട്ലി കംഫർട്ട്, നളന്ദറോഡ്, പി. എം. ജി., വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം-695 033 എന്ന വിലാസത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിക്കുന്നതല്ലെന്നുള്ള വിവരം ബന്ധപ്പെട്ട എല്ലാവരെയും അറിയിക്കുന്നു.

കേരള സംസ്ഥാന വഖഫ് ബോർഡ്, തിരുവനന്തപുരം. (ഒപ്പ്) ഡിവിഷണൽ വഖഫ് ഓഫീസർ.